Reg. No. : ....................................

Name : ..........................................

# FY-217

## FIRST YEAR HIGHER SECONDARY EXAMINATION, SEPTEMBER 2021

Part – III

Time : $2\frac{1}{2}$ Hours

Cool-off time : 20 Minutes

## മലയാളം
## (ഐച്ഛികം)
## MALAYALAM
## (Optional)

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉചിതമായ രണ്ടുത്തരം വീതം തിരഞ്ഞെടുത്തെഴുതുക. സ്കോർ 2 വീതം.** **(3 × 2 = 6)**

1. "ഈ ചെളിമണ്ണിൽ മനുഷ്യന് ചൈതന്യം നൽകുന്ന ആ അജ്ഞാതശക്തി കലർന്നിരുന്നോ" എന്ന് തകഴി സംശയിക്കാൻ കാരണമായ രണ്ടു വസ്തുതകൾ തിരഞ്ഞെടുത്തെഴുതുക.

   - താൻ ചെറുപ്പത്തിൽകണ്ടിട്ടുള്ള സ്ത്രീകൾക്ക് ഇത്രയും സൗന്ദര്യമില്ലായിരുന്നു.
   - താൻ ചെറുപ്പത്തിൽ കണ്ടിട്ടുള്ള സ്ത്രീകൾ ഇതിനെക്കാൾ സുന്ദരികളായിരുന്നു.
   - തലമുറ കഴിയുമ്പോൾ ചൈതന്യവും ശക്തിയും സൗന്ദര്യവും വർദ്ധിക്കുന്നു.
   - തലമുറ കഴിയുമ്പോൾ ചൈതന്യവും ശക്തിയും സൗന്ദര്യവും കുറയുന്നു.

2. 'പക്ഷിയുടെ മണം' എന്ന കഥയിൽ കഥാനായിക, 'ഈ ഉദ്യോഗത്തിന് വരേണ്ടിയിരുന്നില്ല' – എന്ന് ചിന്തിക്കാനുള്ള രണ്ട് കാരണങ്ങൾ കണ്ടെത്തി എഴുതുക.

- സ്ത്രീകളുടെ പൊങ്ങച്ചവും കാപട്യവും നിറഞ്ഞ സംഭാഷണം
- ഒറ്റ സ്ത്രീയെയും അവിടെയൊരിടത്തും കാണാതിരുന്നത്
- കുറ്റൻ കെട്ടിടത്തിലെ ജനക്കൂട്ടം
- ഇന്റർവ്യൂവിൽ പരാജയപ്പെട്ടത്

3. നടപ്പു സംഭാഷണഭാഷയുടെ പ്രധാനപ്രശ്നമായി 'മാറുന്ന മലയാള സംസാര ഭാഷ' എന്ന ലേഖനത്തിൽ സൂചിപ്പിക്കുന്ന രണ്ട് വസ്തുതകൾ എഴുതുക.

- വായ്മൊഴിയുടെ കടന്നുകയറ്റം മൂലം വരമൊഴിയുടെ പ്രാധാന്യം നഷ്ടമാകുന്നു.
- ഭാഷയുടെ നാട്ടുതനിമകൾ നഷ്ടമാകുന്നു.
- പുതുപദങ്ങളെ ഉൾക്കൊള്ളാനുള്ള വൈമുഖ്യം നിമിത്തം ഭാഷയുടെ വളർച്ച നിലയ്ക്കുന്നു.
- സമ്പർക്കത്തിനുവേണ്ടി പ്രാദേശിക മുദ്രകൾ ഒഴിവാക്കുന്നു.

4. 'നിന്നെ ഈ പണിക്കു കൊള്ളില്ല' എന്ന് മേസ്തിരി പറയാനിടയായ രണ്ട് കാരണങ്ങൾ എഴുതുക.

- ഇടയ്ക്ക് എന്തോ ഓർത്തു നിൽക്കുകയും പിറുപിറുക്കുകയും ചെയ്യുന്നു.
- മദ്യപിക്കുകയും കുടെയുള്ള വരുമായി വഴക്കിടുകയും ചെയ്യുന്നു.
- ഒഴിവുസമയത്ത് പുസ്തകം വായിക്കുന്നു.
- ചുറ്റികയ്ക്ക് പകരം തൂമ്പായും ചാന്തിനു പകരം ചുടുകട്ടയും കൊണ്ടുവരുന്നു.

5. നാട്ടറിവിന്റെ രണ്ട് പ്രത്യേകതകൾ കണ്ടെത്തി എഴുതുക.

- പാഠഭേദങ്ങൾ കണ്ടെത്താനാവില്ല.
- ഗ്രാമീണ ജനതയുടെ ജീവിതവുമായി ബന്ധപ്പെട്ടുണ്ടായതാണ്.
- ചെമ്പു തകിടുകളിൽ രേഖപ്പെടുത്തിവച്ച അറിവുകളാണ്.
- വാമൊഴിയായി തലമുറകളിലൂടെ പ്രചരിച്ചു വന്നതാണ്.

6. കഥകളിയുടെ രണ്ട് പ്രത്യേകതകൾ എടുത്തെഴുതുക.

- പ്രതിനായക കഥാപാത്രങ്ങൾക്ക് പ്രാമുഖ്യം
- നായക കഥാപാത്രങ്ങൾക്ക് പ്രാമുഖ്യം
- നാട്യശാസ്ത്രം വിലക്കിയ യുദ്ധം, നിണം എന്നിവ രംഗത്തവതരിപ്പിക്കുന്നു.
- യുദ്ധം, നിണം എന്നിവ രംഗത്തവതരിപ്പിക്കുന്നില്ല.

**7 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് 1-2 വാക്യത്തിൽ ഉത്തരമെഴുതുക. സ്കോർ 2 വീതം.** **(4 × 2 = 8)**

7. ചെറുപ്പക്കാരുമായി അടുത്തിടപഴകാൻ തനിക്കു സാധിക്കുന്നില്ല എന്ന് തകഴി പറയാൻ കാരണമെന്ത് ?

8. "കുട്ടിക്കാലം മനസ്സിൽ വറ്റാതെ നില നിർത്തിയ നീർത്തടദൃശ്യങ്ങൾ, നീരാവിയടരുകൾ മാറ്റിത്തെളിയുന്നതുപോലെ" (മാതൃസന്നിധാനത്തിൽ) ഇവിടെ വ്യക്തമാകുന്ന ജന്മനാടിനോടുള്ള എഴുത്തുകാരന്റെ മനോഭാവമെന്താണ് ?

9. "തുണിക്കു ചായം കൊടുക്കുന്നതിനുപകരം ഇവിടെ മരണമാണോ നടക്കുന്നത്" (പക്ഷിയുടെ മണം) കഥാനായിക ഇങ്ങനെ സംശയിച്ചതെന്തുകൊണ്ടാവാം ?

10. 'ഫോട്ടോ' എന്ന കഥയിലെ കുട്ടികൾക്ക് സ്റ്റുഡിയോയിൽപോയി ഫോട്ടോ എടുക്കണമെന്നാഗ്രഹം തോന്നാനുള്ള കാരണമെന്ത് ?

11. മലയാള അക്ഷരമാലയിലെ ഊഷ്മാക്കൾ എന്ന വിഭാഗത്തിൽപെടുന്ന അക്ഷരങ്ങൾ ഏതൊക്കെയാണ് ?

12. "ആരു ചവിട്ടിത്താഴ്ത്തിലുമഴലിൽ

    പാതാളത്തിലൊളിക്കിലുമേതോ

    പൂർവസ്മരണയിലാഹ്ലാദത്തിൻ

    ലോകത്തെത്തും ഹൃദയം"

    ഈ വരികളിൽ സൂചിപ്പിക്കുന്നതെന്ത് ?

13. "കോഴിക്കൊമ്പു നിങ്ങളെടുത്തോളിൻ

    പല്ലു നിങ്ങളെടുത്തോളിൻ

    പൂവൻമുട്ട നിങ്ങളെടുത്തോളിൻ"

    ഇവിടെ കവി സൂചിപ്പിക്കുന്നതെന്ത്.

14. "കഥകളിദൃശ്യത്തിന് ഒരു സ്വപ്നത്തിന്റെ എല്ലാ ക്ഷണിക മാസ്മരിക സൗന്ദര്യവുമുണ്ട്" എന്ന് പറയാൻ കാരണമെന്ത് ?

**15 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് അഞ്ചെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 4 വീതം.** **(5 × 4 = 20)**

15. "ശാന്തി നഷ്ടപ്പെട്ടു. നാടിന്റെ സൗന്ദര്യം പോയി" (പറിച്ചു നടീൽ) തകഴി ഇങ്ങനെ ദുഃഖിക്കാൻ കാരണമെന്ത്.

16. "എനിക്കറിയാത്ത എന്റെ മാതൃഭാഷ" എന്ന പ്രയോഗം കൊണ്ട് യു.എ. ഖാദർ അർത്ഥമാക്കുന്നതെന്ത് ?

17. മഴക്കാരൻ (The Rain Man) എന്ന ചലച്ചിത്രത്തിന്റെ പ്രാധാന്യമെന്താണ് ?

18. കുഞ്ചു നായർക്ക് പെട്ടകം സമ്മാനമായി ലഭിച്ചതെങ്ങനെ ?

19. വർണങ്ങൾക്ക് പലമാതിരി ശ്രുതിഭേദം വരുത്തുന്നതിൽ പരിമാണത്തിന്റെ പ്രാധാന്യമെന്ത് ?

20. "തള്ളയാടിനു സംഭ്രമമയ്യോ താനേതുടലിനു തുണ നിൽക്കും" 'ബിംബിസാരന്റെ ഇടയൻ' എന്ന കവിതയിൽ തള്ളയാടിന് ഇപ്രകാരം സംഭ്രമമുണ്ടാകാനിടയായ സാഹചര്യമെന്തായിരുന്നു ?

21. മാനവഹൃദയത്തെ 'പാവം' എന്ന് കവയിത്രി വിശേഷിപ്പിക്കുന്നതെന്തുകൊണ്ട് ?

22. "നിന്റെ ഇളം കടിയേറ്റ പഴയമോതിരം ആ വിരലിൽ നിന്ന് എന്നേ വീണുപോയിരിക്കും"

    (അമ്മയെ കുളിപ്പിക്കുമ്പോൾ)

    ഈ വരികളുടെ അർത്ഥ സാധ്യതകൾ കണ്ടെത്തി കുറിപ്പെഴുതുക.

23. ‘മുഖമെവിടെ’ എന്ന കവിതയുടെ കാലികപ്രസക്തി വ്യക്തമാക്കുക.

24. “എത്രനാടും വീടും തെണ്ടിക്കളിച്ചതാപാട്ട് എത്ര സമ്മാനാടാ കൊണ്ടുപോന്നത് പാട്ട്” (ചവിട്ടുകളിപ്പാട്ട്)

ഇവിടെ സൂചിപ്പിക്കുന്ന നാടൻപാട്ടിന്റെ സ്വഭാവം എന്താണ് എന്ന് കണ്ടെത്തി എഴുതുക.

**25 മുതൽ 34 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 6 വീതം.** **(5 × 6 = 30)**

25. കുട്ടനാട്ടിലെ ജനങ്ങളുടെ വസ്ത്രധാരണ രീതിയെപ്പറ്റി തകഴി നൽകുന്ന വിവരങ്ങൾ എന്തെല്ലാമാണെന്ന് ‘പറിച്ചുനടീൽ’ എന്ന പാഠഭാഗത്തെ ആസ്പദമാക്കി വ്യക്തമാക്കുക.

26. മ്യാൻമറിനെ കുറിച്ചുള്ള യു.എ. ഖാദറിന്റെ വർണനയിൽ നിങ്ങളെ ആകർഷിച്ച കാഴ്ചകളെന്തെല്ലാമാണ് ?

27. കുഞ്ചുവമ്മാവന്റെ ജീവിതസായാഹ്നം പ്രകാശവത്തായിരുന്നു എന്നു പറയാൻ കാരണമെന്ത് ? ‘മോതിരം’ എന്ന കഥയെ അടിസ്ഥാന മാക്കി കുറിപ്പ് എഴുതുക.

28. “മരണത്തിന്റെ വിവിധ മണങ്ങൾ തന്നെപ്പോലെ ആർക്കാണ് അറിയുക” എന്ന് ‘പക്ഷിയുടെ മണ’ ത്തിലെ കഥാനായിക ചിന്തിക്കാനുള്ള കാരണങ്ങളെന്തെല്ലാമാണ് ? വിശദമാക്കുക.

29. പാശ്ചാത്യ സംസ്ക്കാരത്തോടുള്ള കേരളീയരുടെ അതിരുകവിഞ്ഞ ഭ്രമം 'അമേരിക്ക്' എന്ന കഥയിൽ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ ?

30. വർണങ്ങൾക്ക് പലമാതിരി ശ്രുതിഭേദം വരുന്നതിൽ സംസർഗത്തിന്റെ പ്രാധാന്യമെന്ത് ? വിശദമാക്കുക.

31. ഇരട്ടമൊഴിത്തം എന്നാലെന്ത് ?

32. രമ്യോപന്യാസവും വൈജ്ഞാനികോപന്യാസവും തമ്മിലുള്ള വ്യത്യാസമെന്താണ് ? 'ഉപന്യാസം' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

33. "അമ്മമാരുടെ മുഗ്ദ്ധതകൾക്കി-ങ്ങവസിതിയുണ്ടോ ഭുവനത്തിൽ"

(ബിംബിസാരന്റെ ഇടയൻ)

ഈ വരികളെ ആസ്പദമാക്കി മാതൃസ്നേഹത്തെപ്പറ്റിയുള്ള നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

34. മാനവ ഹൃദയത്തെപ്പറ്റിയുള്ള കവയിത്രിയുടെ കാഴ്ച്ചപ്പാടുകൾ 'പാവം മാനവ ഹൃദയം' എന്ന കവിതയെ ആസ്പദമാക്കി വിവരിക്കുക.

**35 മുതൽ 38 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 8 വീതം.** **(8 × 2 = 16)**

35. 'മാതൃസന്നിധാനത്തിൽ' എന്ന പാഠഭാഗത്തിലൂടെ യു.എ. ഖാദർ അവതരിപ്പിക്കുന്ന മ്യാൻമറിന്റെ സവിശേഷതകൾ വിശദമാക്കുക.

36. ‘മോതിരം’ എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

37. മാറുന്ന മലയാള സംസാര ഭാഷയെപ്പറ്റിയുള്ള ഡോ.ടി.ബി. വേണുഗോപാലപ്പണിക്കരുടെ കാഴ്ച്ചപ്പാടുകൾ സംഗ്രഹിക്കുക.

38. ‘ബിംബിസാരന്റെ ഇടയൻ’ എന്നകവിതയിൽ ആടുകളോടുള്ള ഇടയന്റെ സംഭാഷണം മനുഷ്യജീവിതത്തെപ്പറ്റിയുള്ള കവിയുടെ കാഴ്ച്ചപ്പാടുകൾ കുടി ആവിഷ്ക്കരിക്കുന്നുണ്ടോ ? വിശദമാക്കുക.